**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.6110 20.11.2019 -ലെ മറുപടിക്ക്**

**കൊട്ടാരക്കര മണ്ഡലത്തിലെ വിജ്ഞാൻവാടികൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി. അയിഷാ പോറ്റി** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ സഹായത്തോടെയുള്ള വിജ്ഞാൻ വാടികൾ കൊട്ടാരക്കര മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | ഉമ്മന്നൂർ പഞ്ചായത്തിലെ പറപ്പള്ളിക്കോണം കാര്യാട്ട് കോളനി, കുളക്കട പഞ്ചായത്തിലെ പാത്തല ലക്ഷം കോളനി എന്നിവിടങ്ങളിൽ വിജ്ഞാൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത വിജ്ഞാൻ വാടികൾക്ക് വകുപ്പ് വഴി നൽകുന്ന സഹായങ്ങളും വിജ്ഞാൻവാടികൾ വഴി ലക്ഷ്യമിടുന്ന കാര്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) | നിലവിലുള്ള പൊതുകെട്ടിടങ്ങളിൽ സൗകര്യങ്ങൾ ഒരുക്കിയും സ്ഥലം ലഭ്യമായ ഇടങ്ങളിൽ പുതിയ കെട്ടിടം നിർമ്മിച്ചും വിജ്ഞാൻ വാടികൾ പ്രവർത്തിക്കുന്നു. വിജ്ഞാൻവാടികളുടെ സുഗമമായ പ്രവർത്തനത്തിന് കമ്പ്യൂട്ടർ പരിജ്ഞാനമുള്ള പട്ടികജാതിവിഭാഗത്തിൽപ്പെട്ട യുവതീയുവാക്കളെ കെയർടെയ്ക്കർമാരായി നിയമിച്ചിട്ടുണ്ട്. ഇന്റർനെറ്റ് കണക്ഷനോട് കൂടിയ കമ്പ്യൂട്ടർ, വിജ്ഞാനദായകമായ പുസ്തകങ്ങൾ, ദിനപത്രങ്ങൾ, തൊഴിൽ പ്രസിദ്ധീകരണങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ലൈബ്രറി- കം റീഡിംഗ് റൂം എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പട്ടികജാതി വിദ്യാർത്ഥികളുടെയും യുവതീയുവാക്കളുടെയും ഉന്നമനം ലക്ഷ്യമാക്കി ആനുകാലിക വിജ്ഞാന സമ്പാദനത്തിനും മത്സരപരീക്ഷകൾക്ക് ഉൾപ്പെടെ ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനും, വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള കോളനി നിവാസികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനും വിജ്ഞാൻവാടികൾ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ